പുതിയ ബസ് റൂട്ടുകൾ

51 [538] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പുതിയ ബസ് റൂട്ടുകൾ നിലവിൽവന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിലുണ്ടായ വ്യത്യാസത്തെക്കുറിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതുതായി അനുവദിച്ചതും, പുനഃസ്ഥാപിച്ചതുമായ 244 ബസ്സ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കുറഞ്ഞത് മൂന്നു മാസമെങ്കിലും ഒരു സർവ്വീസ് റഗുലർ ആയി ഓടിയാൽ മാത്രമേ അതിന്റെ കളക്ഷൻ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പുതുതായി ആരംഭിച്ച സർവ്വീസുകളുടെ വരുമാനത്തെക്കുറിച്ച് ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് കൃത്യമായി ഒരു വിലയിരുത്തൽ നടത്താൻ കഴിയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര

52 [539] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ആർക്കും സൗജന്യയാത്ര അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ യാത്രാ സൗജന്യം നൽകുന്നതുമൂലവും ലാഭകരമല്ലാത്ത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതുമൂലവും ഉണ്ടാകുന്ന നഷ്ടം സർക്കാർ കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി.-യ്ക്ക് മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് മൊത്തം എന്തുതുക നൽകി; ഇപ്പോഴത്തെ യു.ഡി.എഫ്. സർക്കാർ ഇതുവരെയായി എന്തു തുക നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതൊരു നഷ്ടമായി മാത്രം കണക്കാക്കാൻ സാധ്യമല്ല. ജനങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യംകൂടി ഇതിലുണ്ട്. കാലാകാലങ്ങളിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുന്നുണ്ട്.

(സി) ബഡ്ജറ്റ് വഴി എൽ.ഡി.എഫ്. സർക്കാർ 21.50 കോടി രൂപയും യു.ഡി.എഫ്. സർക്കാർ ഇതുവരെ 20.25 കോടി രൂപയും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഈ സർക്കാർ 20 കോടി രൂപ കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സിറ്റി സർവ്വീസ് മെച്ചപ്പെടുത്തുവാൻ നടപടി

53 [540] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന മേഖലയിലെ സിറ്റി സർവ്വീസ് സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) സിറ്റി സർവ്വീസ് ബസ്സുകൾ പുതിയ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സിറ്റി സർവ്വീസുകൾക്കായി എത്ര മിനി ബസ്സുകൾ അനുവദിച്ചിട്ടുണ്ട്;

(ഡി) നഗരത്തിലെ ഡിപ്പോകൾക്ക് എത്ര മിനി ബസ്സുകളാണ് പുതുതായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) മിനി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായി പഠിക്കുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ കൂടുതൽ സൗകര്യങ്ങൾ ഉള്ള ലോഫ്ലോർ ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. ഇത് കൂടാതെ 150-ഓളം പുതിയ ബസ്സുകൾ ഉപയോഗിച്ചു അനന്തപുരി ഫാസ്റ്റ് എന്ന പേരിൽ സർവ്വീസുകൾ ആരംഭിക്കാൻ തീരുമാനിച്ചുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly